പ്പെടുത്തിയിട്ടുണ്ട്. എന്നാൽ പട്ടികവർഗ്ഗ വികസന വകുപ്പ് കെൽട്രോൺ മുഖേന നടത്തിയ കമ്പ്യൂട്ടർ ട്രെയിനിംഗ് സംബന്ധിച്ച് ക്രമക്കേടുകളോ അഴിമതിയോ ആരോപിക്കപ്പെട്ടിട്ടില്ല.

(സി) വിജിലൻസിന്റെ അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ഡി) പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനായി സി-ഡിറ്റിനെ നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## കാസർകോട് ജില്ലയിലെ കൊടക്കാട് മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണം

95 [1440] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിലെ കൊടക്കാട് മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും ഇപ്പോൾ ഏതൊക്കെ കെട്ടിടങ്ങളാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ;

(ബി) ഇവയുടെ നിർമ്മാണം എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) കാസർകോഡ് ജില്ലയിൽ കൊടക്കാട് മോഡൽ റസിഡൻഷ്യൽ സ്കൂൾ പണിയുന്നതിന് 525 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്. സ്കൂളിനും ഹോസ്റ്റലിനും ആവശ്യമായ കെട്ടിടങ്ങളാണ് ഇപ്പോൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്.

(ബി) കാലതാമസമില്ലാതെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുവാൻ കഴിയും.

## ഐ.ടി.സി. കോഴ്സുകൾക്ക് എൻ.സി.വി.ടി.-യുടെ അംഗീകാരം

96 [1441] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഐ.ടി.സി.-കളിലെ കോഴ്സുകൾക്ക് എൻ.സി.വി.ടി.-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഈ കോഴ്സുകളുടെ അംഗീകാരം സംബന്ധിച്ച വിശദാംശങ്ങൾ പറയാമോ;

(സി) എൻ.സി.വി.ടി. അംഗീകാരം ഇല്ലാത്തതു കാരണം ഈ കോഴ്സുകൾ പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗീകരിക്കുന്നില്ലെന്ന പരാതികൾ ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എങ്കിൽ പരാതികൾക്ക് പരിഹാരം കാണാൻ സ്വീകരിച്ച നടപടികളെന്തെല്ലാമാണ്;

(ഇ) ഈ ഐ. ടി. സി.-കളിലെ എല്ലാ കോഴ്സുകൾക്കും എൻ.സി.വി.ടി.-യുടെ അംഗീകാരം ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ ആൻഡ് ബി) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 41 ഐ.ടി.സി.-കളിൽ നിലവിലുള്ള 83 യൂണിറ്റുകളിൽ 72 യൂണിറ്റുകൾക്ക് എൻ.സി.വി.ടി.-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ശേഷിക്കുന്ന 11 യൂണിറ്റുകൾക്ക് എൻ.സി.വി.ടി.-യുടെ അംഗീകാരം ലഭിക്കുന്നതിന് ട്രെയിനിംഗ് ഡിപ്പാർട്ടുമെന്റിന്റെ പ്രാഥമിക പരിശോധനയെ തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിശോധനയ്ക്കായി ശുപാർശ ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) എൻ.സി.വി.ടി. അംഗീകാരമില്ലാത്ത ട്രേഡുകൾക്ക് നൽകുന്ന എസ്.സി.വി.ടി. സർട്ടിഫിക്കറ്റ് പി.എസ്.സി. അംഗീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ) സ്വീകരിക്കുന്നതാണ്.

ആദിവാസികൾക്ക് ഭൂമി കൈവശാവകാശ രേഖ

97 [1442] ശ്രീ. എ. എ. അസീസ്:

,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002 ജനുവരി മാസം മുതൽ ഈ സർക്കാർ എത്ര ആദിവാസി കുടുംബങ്ങൾക്ക് എത്ര ഏക്കർ വീതം ഭൂമിയുടെ കൈവശാവകാശ രേഖ നൽകിയിട്ടുണ്ട്;

(ബി) ഇത് നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഇനി എത്ര കുടുംബങ്ങൾക്ക് എത്ര ഏക്കർ ഭൂമി നൽകാനുണ്ടെന്ന് വ്യക്തമായ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) 2002 ജനുവരി മാസം മുതൽ ഇതുവരെ 3253 കുടുംബങ്ങൾക്കായി 5398.92 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ പട്ടയം നൽകിയതും കൈവശ രേഖ നൽകിയതും ഉൾപ്പെടുന്നു.

(ബി) റവന്യൂ ഭൂമിക്ക് പട്ടയവും സാങ്കേതികമായി വനഭൂമിയായി കണക്കാക്കപ്പെടുന്നതിന് കൈവശ രേഖയുമാണ് നൽകുന്നത്.

(സി ആൻഡ് ഡി) ഇത് സംബന്ധിച്ച് പ്രാഥമിക കണക്കെടുപ്പ് 2001-ൽ ട്രൈബൽ മിഷൻ നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly